# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 2

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്)/ബി.എസ്.സി. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ/2014-2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ മാർച്ച് 17 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/303/2020)

ആറാം സെമസ്റ്റർ (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), ബി.എസ്‌സി. സൈബർ ഫോറൻസിക് (2017 അഡ്മിഷൻ റഗുലർ/2014-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. സി.ബി.സി.എസ്.എസ്. പരീക്ഷകൾ മാർച്ച് 16 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/304/2020)

## അപേക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014-2016 അഡ്മിഷൻ റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ/2014-2017 അഡ്മിഷൻ റീഅപ്പിയറൻസ്) സൈബർ ഫോറൻസിക് യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് നാലുവരെയും 525 രൂപ പിഴയോടെ മാർച്ച് അഞ്ചുവരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് ആറുവരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിദ്യാർഥികൾ രജിസ്ട്രേഷൻ ഫീസായി 55 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ഇന്റേണൽ റീഡുവിന് അപേക്ഷിക്കുന്നവർ പേപ്പറിന് 105 രൂപ വീതം അടയ്ക്കണം. പ്രൊജക്ട് മൂല്യനിർണയത്തിന് അപേക്ഷിക്കുന്നവർ 80 രൂപ പ്രൊജക്ട് മൂല്യനിർണയ ഫീസ് അടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/305/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഫ്.ടി./ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (സി.ബി.സി.എസ്., 2019 അഡ്മിഷൻ റഗുലർ, 2017-2018 അഡ്മിഷൻ സപ്ലിമെന്ററി, സി.ബി.സി.എസ്.എസ്, 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് നാലിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/306/2020)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (ബി.എം.ആർ.ടി. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/307/2020)

2019 ഓഗസ്റ്റിൽ നടന്ന രണ്ടാം വർഷ ബി.എസ്‌സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (ബി.എം.ആർ.ടി. - സപ്ലിമെന്ററി - പഴയ സ്കീം - 2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 16 വരെ അപേക്ഷിക്കാം.

## ഡിപ്ലോമ കോഴ്സ് ഇൻ യോഗിക് സയൻസ് അഡ്മിഷൻ മാർച്ച് അഞ്ചിന്

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന ഡിപ്ലോമ കോഴ്സ് ഇൻ യോഗിക് സയൻസിന്റെ അഡ്മിഷൻ മാർച്ച് അഞ്ചിന് നടക്കും. 8300 രൂപയാണ് കോഴ്സ് ഫീസ്. താല്പര്യമുള്ളവർ പത്താംക്ലാസ്, പ്ലസ്ടു, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ യോഗിക് സയൻസ് സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും രണ്ട് ഫോട്ടോയും സഹിതം രാവിലെ 10ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731560, 2731724, 9544981839.

(പി.ആർ.ഒ/39/309/2020)

## സാമൂഹിക സന്നദ്ധ സേന; വിദ്യാർഥി രജിസ്ട്രേഷൻ മാർച്ച് 10നകം പൂർത്തീകരിക്കണം

പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനുള്ള സാമൂഹിക സന്നദ്ധ സേനയിൽ വിദ്യാർഥികളെ അംഗങ്ങളാക്കുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ മാർച്ച് 10നകം പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു. എൻ.സി.സി., എൻ.എസ്.എസ്., കോളേജ് യൂണിയനുകളുടെ സഹകരണത്തോടെ വിദ്യാർഥികളെ കണ്ടെത്തുന്നതിന് അറിയിപ്പുകൾ നൽകാം. കോളേജ്തല പ്രവർത്തന ഏകോപന ചുമതല അഡ്മിഷൻ നോഡൽ ഓഫീസർ/എൻ.എസ്.എസ്. കോ-ഓർഡിനേറ്റർക്കാണ്. കോളേജ്തല രജിസ്ട്രേഷൻ വിവരങ്ങൾ www.admission.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമായ ഓൺലൈൻ അഡ്മിഷൻ പോർട്ടൽ വഴി ലോഗിൻ ചെയ്ത് നിർദ്ദിഷ്ട മാതൃകയിൽ ലഭ്യമാക്കണം. സാമൂഹിക സന്നദ്ധ സേനയിലേക്കുള്ള രജിസ്ട്രേഷൻ www.sannadham.kerala.gov.in എന്ന വെബ്സൈറ്റിലൂടെ മാർച്ച് ആദ്യവാരം നടത്തി വിവരങ്ങൾ സർവകലാശാല പൊതുപ്രവേശന പോർട്ടലിൽ അപ്ലോഡ് ചെയ്യണം. രജിസ്ട്രേഷൻ നടപടികൾ മാർച്ച് 10നകം പൂർത്തീകരിക്കണം.

(പി.ആർ.ഒ/39/310/2020)

## യങ് സ്കോളേഴ്സ് ഫോറം പാനൽ ചർച്ച

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സംഘടിപ്പിച്ച യങ് സ്കോളേഴ്സ് ഫോറം പാനൽ ചർച്ച സ്കൂൾ സെമിനാർ ഹാളിൽ നടന്നു. ഗവേഷകരായ അനാമിക കൃഷ്ണൻ, പി.പി. റംസീന, സുശ്രുതൻ, രാജീവ് ബാലകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു. ഡോ. മാത്യു എ. വർഗീസ് പാനൽ കോ-ഓർഡിനേറ്ററായി.

(പി.ആർ.ഒ/39/311/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ